LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ്‌വിപ്പ് എന്നിവരുടെ വിദേശ പര്യടനം

47(48) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ. ചീഫ്‌വിപ്പ്എന്നിവരിൽ ആരെല്ലാം എത്ര തവണ വിദേശ പര്യടനം നടത്തിയിട്ടുണ്ട് ;

(ബി) ഇതിൽ ഔദ്യോഗിക പര്യടനങ്ങൾ, സ്വകാര്യ പര്യടനങ്ങൾ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ ;

(സി) വിദേശ പര്യടനത്തിന് മുമ്പ് വാങ്ങിയിരിക്കേണ്ട പൊളിറ്റിക്കൽ ക്ലിയറൻസ് ഉൾപ്പെടെ അനുമതി ഇല്ലാതെ ഏതെങ്കിലും മന്ത്രിയോ ഗവ. ചീഫ്‌വിപ്പ് വിദേശയാത്ര നടത്തിയിട്ടുണ്ടോ ; എങ്കിൽ അവർ ആരൊക്കെ എന്നും സന്ദർശിച്ച രാജ്യങ്ങൾ ഏതൊക്കെ എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ്‌വിപ്പ് എന്നിവർ നടത്തിയ വിദേശ യാത്രകളുടെ എണ്ണം അനുബന്ധമായി കൊടുത്തിട്ടുണ്ട്. ഔദ്യോഗിക പര്യടനങ്ങൾ സ്വകാര്യ പര്യടനങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(സി) കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടുകൂടിയാണ് വിദേശയാത്രകൾ നടത്തിയിട്ടുള്ളത്.

മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ്‌വിപ്പ് എന്നിവർക്കായി ചെലവഴിച്ച തുക

48 (49) ശ്രീ. സി. കെ. സദാശിവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ്‌വിപ്പ് എന്നിവർക്കായി ടി.എ., ഡി.എ., ശമ്പളം ഇനത്തിലും മൊബൈൽ ഫോൺ ചാർജ്, ഓഫീസ്/ഔദ്യോഗിക വസതി എന്നിവിടങ്ങളിലെ ടെലിഫോൺ ചാർജ് ഇനത്തിലും ചെലവഴിക്കപ്പെട്ട തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ ;

(ബി) 2014-15 സാമ്പത്തിക വർഷംമാത്രം ഇവ ഓരോന്നും എത്ര വീതമായിരുന്നെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.